**ഭരണഭാഷ-മാതൃഭാഷ**

**കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്**

വിഷയം: - ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - എറണാകുളം റീജ്യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സ്റ്റോർ സൂപ്രണ്ട് ശ്രീ.കെ.പ്രഭാകരന് ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

ഉത്തരവ് നമ്പർ. ഇ1.16448/2017/ഡി.സി. തിരുവനന്തപുരം തീയതി: 10/07/2018

പരാമർശം:- (1) 19/09/1973—ലെ ജി.ഒ. (പി) 237/73/ആ.കു.വ. നം. ഉത്തരവ്.
(2) ഈ കാര്യാലയത്തിൽ നിന്നുള്ള 08/06/2018 - ലെ ഇതേ നമ്പർ സർക്കുലർ

**ഉത്തരവ്**

കേരള ഡ്രഗ്സ് കൺട്രോൾ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം പ്രകാരം (പരാമർശം (1)) വകുപ്പിലുണ്ടാകുന്ന ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ ഒഴിവ് വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യരായ ജീവനക്കാരിൽ നിന്ന് തസ്തികമാറ്റം വഴിയും യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ പിഎസ് സി വഴിയുള്ള നേരിട്ടുള്ള നിയമനം വഴിയും നികത്താവുന്നതാണ്. യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷകൾ സൂചന (2) പ്രകാരം ക്ഷണിച്ചതിൽ, എറണാകുളം റീജ്യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സ്റ്റോർ സൂപ്രണ്ട് ശ്രീ.കെ.പ്രഭാകരൻ, തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരായ ശ്രീ.സന്തോഷ്കുമാർ.കെ ശ്രീ.മാത്യുഫിലിപ്പ് എന്നിവർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇവരിൽ ഏറ്റവും സീനിയർ എറണാകുളം റീജ്യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സ്റ്റോർ സൂപ്രണ്ട് ശ്രീ.കെ.പ്രഭാകരൻ ആണെന്ന് ബോദ്ധ്യപ്പെട്ടു.

ആയതിനാൽ ശ്രീ.കെ.പ്രഭാകരനെ - നെ 26,500 - 56700 രൂപ ശമ്പള നിരക്കിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി എറണാകുളം അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.കെ.പ്രഭാകരന്റെ ശമ്പളം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 - ലെ ചട്ടം 37 ബി പ്രകാരം നിർണ്ണയിക്കേണ്ടതാണ്. ശ്രീ.കെ.പ്രഭാകരൻ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 3 വർഷത്തെ തുടർച്ചയായ സേവന കാലയളവിൽ 2 വർഷത്തെ യഥാർത്ഥ ഡ്യൂട്ടി കാലയളവ് നിരീക്ഷണകാലമായിരിക്കും.

ശ്രീ.കെ.പ്രഭാകരൻ ഈ ഉത്തരവ് കൈപറ്റി 15 ദിവസത്തിനകം എറണാകുളം അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം
തീയതി..................
തിരുവനന്തപുരം-35.

ഒപ്പ്/-
രവി.എസ്.മേനോൻ
ഡ്രഗ്സ് കൺട്രോളർ

ശ്രീ.കെ.പ്രഭാകരൻ
സ്റ്റോർ സൂപ്രണ്ട്,
റീജ്യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി, എറണാകുളം

പകർപ്പ്:-

1. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ - I & II
2. ചീഫ് ഗവ.അനലിസ്റ്റ്, റീജ്യണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം.
3. അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, എറണാകുളം.
4. സീനിയർ സൂപ്രണ്ട് - I & II
5. കരുതൽ ഫയൽ
6. ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്